പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2668 — 10.07.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, പി.സി വിഷ്ണുനാഥ്<br>,, ബെന്നി.ബെഹനാൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 3 ബ്ലോക്ക് പഞ്ചായത്തുകളുടേയും 19 ഗ്രാമപഞ്ചായത്തുകളുടെയും ഉൾപ്പെടെ ആകെ 22 ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.<br>2. വിജ്ഞാന-വിഭവ കേന്ദ്രമായി (Knowledge Resource Centre) പ്രവർത്തിക്കുക.<br>i) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയേയും മറ്റ് ഗ്രാമ വികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.<br>ii) ഗ്രാമ പ്രദേശങ്ങളിലെ ആസ്തികളുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ നൽകുക.<br>iii) പൊതുജനങ്ങൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ |

| | | | |
|---|---|---|---|
| | | | ഓഫീസിലും സഹായകരമായ രീതിയിൽ വിവര സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക. |
| (സി) | പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാ കേന്ദ്രങ്ങൾ വഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ വഴി നിർവ്വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ